<u>പതിനാലാം കേരള നിയമസഭ</u>

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം **നം.67**

**04.03.2020** -ൽ മറുപടിയ്ക്ക്

## <u>കാട്ടുതീയിൽ നിന്നും വനങ്ങളുടെ സംരക്ഷണം</u>

<u>ചോദ്യം</u>

ശ്രീ. കെ. എൻ. എ ഖാദർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. പി. കെ. അബ്ദു റബ്ബ്
ഡോ. എം. കെ. മുനീർ :

<u>മറുപടി</u>

അഡ്വ.കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന് മുൻകരുതൽ സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ;

(എ) വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന് മുൻകരുതൽ സ്വീകരിക്കാറുണ്ട്.

കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടു തീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച് / വിവരങ്ങൾ Highly Fire Prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ

പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽ നിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽ നിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനു കീഴിലും ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പാസ്ഥാനത്തും ഫയർ സെൽ പ്രവർത്തിച്ചു വരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർ ലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ

നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക് ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) / വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (ബി) വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജല | (ബി) വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപോകുന്നത് തടയാനും ജലലഭ്യത |

ലഭ്യത ഉറപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ഉറപ്പാക്കുവാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ പുതുതായി നിർമ്മിക്കുകയും നിലവിലുള്ള നീരുറവകളിലെ ചെളി നീക്കം ചെയ്ത് പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വെള്ളം കൂടുതൽ വലിച്ചെടുക്കുമെന്ന് ആരോപിക്കപ്പെടുന്ന അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ എന്നീ വിദേശീയ വ്യാവസായിക ഏകവിള തോട്ടങ്ങൾ മുറിച്ചുമാറ്റി പ്രകൃതിദത്ത വനങ്ങളാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. 2018 മുതൽ മേൽ ഇനങ്ങളിൽപ്പെടുന്ന തൈകൾ കേരളത്തിലെ വനങ്ങളിൽ നടുന്നില്ല.

(സി) തീപിടുത്ത സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി കാട്ടുതീ തടയുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(സി) കാട്ടുതീ തടയുന്നതിന് വനപ്രദേശങ്ങളെ കാട്ടുതീ സാധ്യതയുടെ അടിസ്ഥാനത്തിൽ Highly Fire Prone, Moderately Fire Prone & Low Fire Prone എന്നിങ്ങനെ തരം തിരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ Highly Fire Prone സ്ഥലങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുകയും ചെയ്തുവരുന്നുണ്ട്. കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാദ്ധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കലും, നിയന്ത്രിത കത്തിക്കലും ചെയ്തു വരുന്നു. ഇത്തരം പ്രദേശങ്ങളിലും സമീപത്തും താമസിക്കുന്ന ജനങ്ങളിൽ കാട്ടുതീയുടെ ദൂഷ്യവശങ്ങളെ കുറിച്ച് അവബോധം

ഉണ്ടാക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പോസ്റ്ററുകൾ, ബോർഡുകൾ മുതലായവ സ്ഥാപിക്കുകയും കൂടാതെ ടി പ്രദേശങ്ങളിൽ വളരെ വേഗം എത്തിച്ചേരുന്നതിന് വാഹനങ്ങൾ സജ്ജമാക്കി നിർത്തുകയും സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താല്കാലിക വാച്ച് ടവറുകൾ ഉണ്ടാക്കി നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ